ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത് ഭാരത് എന്ന ദർശനം സാക്ഷാത്കരിക്കുന്നതിന് യുവജനങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിൽ പ്രധാനമന്ത്രി യുവ നേതാക്കളുമായി നാളെ സംവദിക്കും.

**The talents of the youth will be utilized to realize the vision of Vikasit Bharat, says Prime Minister Narendra Modi. PM will interact with young leaders tomorrow at the Vikasit Bharat Young Leaders Dialogue.**

2. പൊതുപരീക്ഷകളും അഭിമുഖങ്ങളും നടത്തുന്നതിലെ സുതാര്യതയും ഉത്തരവാദിത്തവും പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ കൂടി കഴിയണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

**Public should be convinced of transparency and accountability in conducting public examinations and interviews: VP Jagdeep Dhankhar**

3. മയക്കുമരുന്നിന്റെ ഉറവിടം നശിപ്പിക്കുന്നതിനുള്ള ശക്തമായ സന്ദേശം നൽകാൻ കേന്ദ്രസർക്കാറിന് കഴിഞ്ഞതായി കേന്ദ്ര മന്ത്രി അമിത് ഷാ.

**Central Government has been able to give a strong message to destroy the source of drugs: Union Minister Amit Shah**

4. കൊച്ചിയിലും അരൂരും കയർ മേഖലകൾ സന്ദർശിച്ച് കേന്ദ്രമന്ത്രി ജീത്തൻ റാം മാഞ്ചി; കയറുൽപ്പന്ന

കയറ്റുമതിയിൽ രാജ്യം ഗണ്യമായ പുരോഗതി കൈവരിച്ചെന്ന് കേന്ദ്രമന്ത്രി.

**Union Minister Jeethan Ram Manji visited the coir areas of Kochi and Aroor; Minister says, the country has made significant progress in the export of coir products.**

5. **മലയാളത്തിൻറെ ഭാവഗായകൻ പി ജയചന്ദ്രൻ ഇനി ദീപ്ത സ്മരണ. സംസ്കാരം എറണാകുളത്തെ വീട്ടുവളപ്പിൽ നടന്നു.**

**Malayalam Playback Singer P Jayachandran will be laid to rest. The funeral was held at his home in Ernakulam.**

6. **ഐ എസ് എൽ ഫുട്ബാളിൽ ബെംഗളൂരുവിനെ ഒരു ഗോളിന് പരാജയപ്പെടുത്തി മുഹമ്മദൻ എസ് സി.**

**In ISL football Mohammedan SC defeated Bengaluru by one goal.**

**&&&&&&&&&&&&&&&&&&&&**

## HEADLINE 1

## PM - YOUNG LEADERS

രാജ്യത്തെ യുവാക്കളെ ഇന്ത്യയുടെ വികസന യാത്രയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രധാനസംരഭമാണ് നാളെ നടക്കുന്ന വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025 ലെ ദേശീയ യുവജനോത്സവത്തെക്കുറിച്ചും വിക്സിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനെക്കുറിച്ചും യുവജനകാര്യ, കായിക സഹമന്ത്രി രക്ഷാ ഖഡ്സെ എഴുതിയ ലേഖനത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വിക്സിത് ഭാരത് എന്ന ദർശനം സാക്ഷാത്കരിക്കുന്നതിന് യുവ മനസ്സുകളുടെ ഊർജ്ജം, സർഗ്ഗാത്മകത, നേതൃത്വം എന്നിവ തിരിച്ചുവിടാൻ ഈ പരിപാടി ലക്ഷ്യമിടുന്നെന്നും അദ്ദേഹം പറഞ്ഞു. നാളെ നടക്കുന്ന സംഭാഷണപരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മൂവായിരം യുവ നേതാക്കളുമായി സംവദിക്കും. തുടർന്ന് നടക്കുന്ന സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

**&&&&&&&&&&&&&&&&&&&&**

## PM-VB- YOUNG LEADERS DIALOGUE- INTRO

ന്യൂഡൽഹിയിൽ ഇന്ന് ആരംഭിച്ച വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനോട് അനുബന്ധിച്ച നടന്ന സമ്മേളനത്തെ കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അഭിസംബോധന ചെയ്തു. യുവാക്കൾക്കായി കേന്ദ്ര സർക്കാർ വിവിധ വാർഷിക നേതൃത്വ, സാമൂഹിക സേവന പരിപാടികൾ സംഘടിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയിൽ പങ്കെടുക്കുന്നവരെ ദേശീയ, അന്തർദേശീയ വേദികളിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(മൻസുഖ് മാണ്ഡവ്യ വോയിസ്)

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിൽ ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ്, വ്യവസായി ആനന്ദ് മഹീന്ദ്ര, മുൻ ജി-20 ഷെർപ അമിതാഭ് കാന്ത് തുടങ്ങിയ പ്രമുഖ വ്യക്തികൾ യുവാക്കൾക്ക് മാർഗനിർദേശം നൽകും.

&&&&&&&&&&&&&&&&&&&&

## HEADLINE 2

## VP-BENGALURU

പൊതുപരീക്ഷകളും അഭിമുഖങ്ങളും നടത്തുന്നതിലെ സുതാര്യതയും ഉത്തരവാദിത്തവും പൊതുജനത്തെ ബോധ്യപ്പെടുത്താൻ കൂടി കഴിയണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ 25-ാമത് ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്ത ശേഷം ബെംഗളൂരുവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും തങ്ങളുടെ വേണ്ടപ്പെട്ടവരുടെ ഉന്നത സ്ഥാനങ്ങൾക്കായി നടത്തുന്ന ഇടപെടലിലും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. വിരമിക്കൽ ശേഷമുള്ള നിയമനങ്ങളും കാലാവധി നീട്ടിക്കൊടുക്കുന്നതും വ്യവസ്ഥയിൽ പൊരുത്തക്കേടുകൾ സൃഷ്ടിക്കുമെന്നും ശ്രീ ധൻകർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEADLINE 4

## JITHIN RAM MANJHI

കയറിന്റെയും കയറുത്പന്നങ്ങളുടെയും കയറ്റുമതിയിൽ രാജ്യം കഴിഞ്ഞ സാമ്പത്തിക വർഷം വലിയ പുരോഗതി കൈവരിച്ചതായി കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രി ജിതൻ റാം മാഞ്ചി പറഞ്ഞു. 2014 -15 കാലയളവിൽ 1630 കോടി രൂപയായിരുന്ന കയറ്റുമതി കഴിഞ്ഞ സാമ്പത്തിക വർഷം 3388 കോടി രൂപയായി ഉയർന്നുവെന്ന് അദ്ദേഹം കൊച്ചിയിൽ വാർത്ത സമ്മേളനത്തിൽ പറഞ്ഞു. ഇത് അടുത്ത സാമ്പത്തിക വർഷം 5000 കോടി രൂപയായി ഉയർത്തുകയാണ് ലക്ഷ്യം. കയർ ഉത്പാദനം കഴിഞ്ഞ സാമ്പത്തിക വർഷം 7.9 ലക്ഷം മെട്രിക് ടൺ ആയി ഉയർന്നെന്നും മന്ത്രി അറിയിച്ചു. കൊച്ചിയിലെ കയർ ബോർഡ് ആസ്ഥാനത്ത് നടന്ന അവലോകന യോഗത്തിൽ മന്ത്രി പങ്കെടുത്തു. പിന്നീട് അദ്ദേഹം അരൂരിലെ കയർ ഉത്പന്ന യൂണിറ്റുകൾ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&&&

## 28TH CSPOC- OM BIRLA

കോമൺവെൽത്ത് രാജ്യങ്ങളിലെ പാർലമെന്റ് സ്പീക്കർമാരുടെയും പ്രിസൈഡിങ് ഓഫീസർമാരുടേയും 28-ാമത് സമ്മേളനത്തിന് 2026-ൽ ഇന്ത്യ ആതിഥ്യം വഹിക്കുമെന്ന് ലോക്സഭ സ്പീക്കർ ഓം ബിർള. വിവിധ ആഗോള വിഷയങ്ങളിൽ പരിഹാരം കാണുന്നതിൽ ഈ സമ്മേളനത്തിൽ ഫലപ്രദമായ ചർച്ച നടക്കുമെന്നതിൽ ഏറെ പ്രതീക്ഷയുണ്ടെന്ന് അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ അറിയിച്ചു. പാർലമെന്റിന്റെ പ്രവർത്തനങ്ങളിൽ നിർമിത ബുദ്ധി, സമൂഹ മാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ എന്നിവയ്ക്കായിരിക്കും സമ്മേളനത്തിൽ ഊന്നൽ നൽകുന്നത്.

&&&&&&&&&&&&&&&&&&&&

## ECONOMIC OUTLOOK- HDFC CHAIRMAN

2025-ൽ ഇന്ത്യയുടെ പ്രതീക്ഷിത വളർച്ചാ നിരക്ക് 6.4 ശതമാനമാകുമെന്നും ഇത് ആഗോള ശരാശരിയുടെ ഇരട്ടിയാണെന്നും എച്ച്ഡിഎഫ്സി മുൻ ചെയർമാൻ ദീപക് പരേഖ്, ഇന്ത്യൻ പീപ്പിൾസ് ഫോറം: ബിസിനസ് ആൻഡ് പ്രൊഫഷണൽ കൗൺസിൽ-യുഎഇ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിലാണ് ഈ നിരക്കിലെത്തുക. നിഷ്ക്രിയ ആസ്തികൾ കുറയുന്നതും പൊതുമേഖലാ ബാങ്കുകളുടെ മെച്ചപ്പെട്ട ലാഭക്ഷമതയും ആശാവഹമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ ബാങ്കിംഗ് മേഖലയിലെ മുന്നേറ്റത്തിലും ശ്രീ പരേഖ് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## DAY. AYODHYA ANNIVERSARY

അയോധ്യയിലെ ശ്രീരാമജന്മഭൂമി ക്ഷേത്രത്തിൽ രാമലല്ലയുടെ പ്രതിഷ്ഠാദിനത്തോട് അനുബന്ധിച്ചുള്ള ദ്വാദശി ഉത്സവത്തിന് തുടക്കമായി. 50 ക്വിന്റലിലധികം പുഷ്പങ്ങൾ കൊണ്ട് അലങ്കരിച്ച ശ്രീരാമ ക്ഷേത്രത്തിൽ ദർശനത്തിന് പതിനായിരങ്ങളാണ് ഇന്ന് എത്തിയത്. ഉത്സവം യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ വർഷം ജനുവരി 22ന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ക്ഷേത്രം ഉദ്ഘാടനം ചെയ്തത്. അയോധ്യയിലെ രാമക്ഷേത്രം ഇന്ത്യൻ സംസ്കാരത്തിന്റെയും ആത്മീയതയുടെയും മഹത്തായ പൈതൃകമാണെന്ന് പ്രധാനമന്ത്രി, പ്രതിഷ്ഠാ ദിന സന്ദേശത്തിൽ പറഞ്ഞു. വികസിത ഇന്ത്യയെന്ന ലക്ഷ്യത്തിലേക്ക് ഉറച്ച ചുവടുവയ്പ്പാണ് രാമക്ഷേത്ര നിർമിതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&

## HAJ - PROVISIONAL SEATS

2025 ഹജ്ജ് തീർത്ഥാടനത്തിന് രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 3,676 അപേക്ഷകർക്ക് സീറ്റ് അനുവദിച്ചു. ഇന്ത്യൻ ഹജ്ജ് കമ്മിറ്റി ഇന്ന് പുറത്തിറക്കിയ രണ്ടാമത് വെയ്റ്റിംഗ് ലിസ്റ്റിലാണ് സീറ്റ് അനുവദിച്ചിരിക്കുന്നത്. അപേക്ഷകർ ഈ മാസം 23 ന് മുമ്പായി 2 ലക്ഷത്തി 72,300 രൂപ ഡെപോസിറ്റ് തുകയായി അടയ്ക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അറിയിച്ചു. ഇതോടൊപ്പം ആവശ്യമായ രേഖകളും സമർപ്പിക്കേണ്ടതാണ്. ഇന്ത്യൻ ഹജ്ജ് കമ്മിറ്റിയുടെ കീഴിൽ ഒരു ലക്ഷത്തി 22,000 തീർത്ഥാടകരാണ് ഇത്തവണ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നത്.

&&&&&&&&&&&&&&&&&&&&

## PUNE-ASHWINI VAISHNAW

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പൂനെയിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ് ഡെവലപ്മെന്റ് സന്ദർശിച്ച് പ്രവർത്തന മികവ് വിലയിരുത്തി. സൂപ്പർ കമ്പ്യൂട്ടർ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും ഉൽപ്പാദനത്തിനും ആവശ്യമായ സാങ്കേതിക ഉപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ അദ്ദേഹം അവലോകനം ചെയ്തു. തുടർന്ന്

പൂനെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ സന്ദർശിച്ച കേന്ദ്രമന്ത്രി, ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളുമായും സംവദിച്ചു.

&&&&&&&&&&&&&&&&&&&&

## HEADLINE 3

## SHAH-DRUG TRAFFICKING CONFERENCE- INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായ പോരാട്ടം കൂടുതൽ കരുത്താർജിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കഴിഞ്ഞ പത്ത് വർഷത്തിനിടെ മയക്കുമരുന്ന് പിടികൂടുന്നതിൽ ഏഴ് മടങ്ങ് വർധനവുണ്ടായത് ഇതിന്റെ തെളിവാണെന്നും അ്ദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന മയക്കുമരുന്ന് കടത്തും ദേശീയ സുരക്ഷയും സംബന്ധിച്ച മേഖലാ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

. കർശന നടപടികളിലൂടെ മയക്കുമരുന്നിന്റെ ഉറവിടം നശിപ്പിക്കുന്നതിനുള്ള ശക്തമായ സന്ദേശം സർക്കാർ നൽകിയിട്ടുണ്ടെന്നും ആഭ്യന്തര മന്ത്രിപറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEADLINE 5

## P JAYACHANDRAN

മലയാളത്തിൻറെ ഭാവഗായകൻ പി ജയചന്ദ്രൻ ഇനി ദീപ്ത സ്മരണ. അദ്ദേഹത്തിൻറെ ഭൗതികദേഹം എറണാകുളം പാലിയത്തെ തറവാട്ടു വീട്ടുവളപ്പിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. മന്ത്രിമാരായ ആർ ബിന്ദുവും എം ബി രാജേഷും സജി ചെറിയാനും പ്രതിപക്ഷ നേതാവ് വി ഡി സതീശനും പാലിയത്തെ വീട്ടിലെത്തി ആദരാഞ്ജലി അർപ്പിച്ചു. പ്രിയഗായകന് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ നൂറുകണക്കിന് ആരാധകർ പാലിയത്തെ വീട്ടിലും എത്തിച്ചേർന്നിരുന്നു.

&&&&&&&&&&&&&&&&&&&&

## MAHAKUMBH

മഹാകുംഭമേളയ്ക്ക് രണ്ട് ദിവസം മാത്രം ശേഷിക്കെ ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ തീർത്ഥാടകരേയും സഞ്ചാരികളേയും സ്വീകരിക്കാൻ ഒരുക്കങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. 10,000 ത്തിൽ പരം ട്രെയിനുകളും 350 ലേറെ ബസുകളുമാണ് പ്രത്യേക സർവ്വീസ് നടത്തുന്നത്. അമൃത് സ്നാനത്തിനെത്തുന്ന തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല മകരവിളക്കിനൊരുങ്ങി സന്നിധാനവും പരിസരവും. മകര സംക്രമ പൂജയ്ക്കായി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണങ്ങളും വഹിച്ചുകൊണ്ടുള്ള തിരുവാഭരണ ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും. എരുമേലിയിൽ മകരവിളക്കിനു മുന്നോടിയായി പേട്ടതുള്ളലും ഇന്ന് നടന്നു. മകരവിളക്ക് ദർശനത്തിനായുള്ള ഒരുക്കങ്ങൾ ഇടുക്കി ജില്ലയിൽ പൂർത്തിയായി. ഇടുക്കിയിൽ പുല്ലുമേട് ,പരുന്തുംപാറ , പാഞ്ചാലിമേട് എന്നിവിടങ്ങളിലാണ് ദർശന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&&&

## HEADLINE 6

## ISL

ഐ എസ് എൽ ഫുട്ബാളിൽ മുഹമ്മദൻ എസ് സിക്ക് ജയം. ബെംഗളൂരു എഫ് സിയെ ആണ് ഒരു ഗോളിന് പരാജയപ്പെടുത്തിയത്. എ ടി കെ മോഹൻ ബഗാനും ഈസ്റ്റ് ബംഗാളും അൽപസമയത്തിനകം ഗുവാഹത്തിയിൽ ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

## BADMINTON

ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസ് സെമിഫൈനലിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി-

ചിരാഗ് ഷെട്ടി സഖ്യത്തിന് തോൽവി. ദക്ഷിണകൊറിയൻ സഖ്യത്തിനെതിരെയാണ് ഇന്ത്യൻ താരങ്ങൾ തോൽവി വഴങ്ങിയത്.

**&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&**
**&&&&&&&**